# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3324 | 14.07.2015-ലെ മറുപടിയ്ക്ക് |
|---|---|

## കൈത്തറി ഉൽപ്പന്നങ്ങളുടെ വാറ്റ് നികുതി ഒഴിവാക്കൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | കൈത്തറി ഉൽപ്പന്നങ്ങൾക്ക് 1% വാറ്റ് നികുതി ഏർപ്പെടുത്തിയിരിക്കുന്നത് പിൻവലിക്കുന്ന കാര്യം പരിശോധിക്കുമോ ; | (എ) | ടെക്സ്റ്റയിൽ ഉൽപ്പന്നങ്ങൾക്ക് എല്ലാം 1% നികുതി ചുമത്തിയിരിക്കുന്ന സാഹചര്യത്തിൽ തെറ്റായ തരം തിരിവ് ഒഴിവാക്കാൻ വേണ്ടിയാണ് കൈത്തറി ഉൽപ്പന്നങ്ങൾക്ക് 1% വാറ്റ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് വളരെ കുറഞ്ഞ നികുതി നിരക്കാണ്. ഈ നികുതി ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതുമാണ്. നികുതി പിൻവലിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | ഇതു മൂലം കഷ്ടത്തിലായ ചെറുകിട ഉൽപ്പാദകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | (ബി) | ഈ കുറഞ്ഞ നികുതി നിരക്ക് ഉപഭോക്താവിൽ നിന്നും പിരിക്കാവുന്നതായതിനാൽ ഉല്പാദകർക്ക് ബുദ്ധിമുട്ടുണ്ടാകില്ല. |
| (സി) | വാറ്റ് നികുതിയുടെ പേരിൽ വിൽപന നികുതി ഉദ്യോഗസ്ഥരുടെ അനാവശ്യ പരിശോധനയും പീഡനവും അവസാനിപ്പിക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ? | (സി) | പ്രഥമദൃഷ്ട്യാ നികുതി വെട്ടിപ്പ് തെളിയുന്ന സാഹചര്യങ്ങളിൽ മാത്രമേ വാണിജ്യ നികുതി വകുപ്പ് ഉദ്യോഗസ്ഥർ കർശന പരിശോധന നടത്താറുള്ളൂ. പരിശോധന അനാവശ്യവും അന്യായവും ആയിരുന്നു എന്ന് തെളിഞ്ഞാൽ അതിന്മേലുള്ള പീനൽ നടപടികൾ ഒഴിവാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ